**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 142** **12-10-2026-ൽ മറുപടിയ്ക്ക്**

**രാമൻതുരുത്ത് കുടുംബങ്ങളുടെ പുനരധിവാസവും 'മിഷൻ സമുദ്ര' പദ്ധതിയും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കൊച്ചി മണ്ഡലത്തിലെ രാമൻതുരുത്തിൽ 'മിഷൻ സമുദ്ര' പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലത്തുനിന്നും പുനരധിവസിപ്പിക്കാൻ സമ്മതിച്ച കുടുംബങ്ങൾക്ക് അനുവദിച്ച 3 സെന്റ് ഭൂമി 5 സെന്റാക്കി വർദ്ധിപ്പിച്ച നൽകുന്നതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; കൊച്ചിൻ ഷിപ്പ്യാർഡ് വാഗ്ദാനം ചെയ്ത ഫണ്ട് ഉപയോഗിച്ച് ഇവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കാമോ;

**മറുപടി:** എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ രാമൻതുരുത്ത് ദ്വീപിൽ സർവ്വേ നമ്പർ 2,3 ൽ ഉൾപ്പെടുന്ന 18.16 ഏക്കർ ഭൂമി കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും, ബാക്കി ഭൂമി കൊച്ചിൻ പോർട്ട് അതോറിറ്റിയുടെ (CoPA) ഉടമസ്ഥതയിലുള്ളതുമാണ്. 21-8-2026-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 260/2026/RD പ്രകാരം, ബ്ലോക്ക് ഫാബ്രിക്കേഷൻ ഫെസിലിറ്റി (BFF) പദ്ധതിക്കായി 18.16 ഏക്കർ ഭൂമി CSL ന് 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ താമസിക്കുന്ന അഞ്ച് കുടുംബങ്ങൾക്കും കുറഞ്ഞത് 5 സെന്റ് ഭൂമിയും വീടും നൽകി പുനരധിവസിപ്പിക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂമി കണ്ടെത്തുന്നതും പുനരധിവാസ നടപടികളും ജില്ലാ ഭരണകൂടം നിർവ്വഹിക്കുകയും അതിനാവശ്യമായ സാമ്പത്തിക സഹായം/ ചെലവുകൾ കൊച്ചിൻ ഷിപ് യാർഡ് ലിമിറ്റഡ് ലഭ്യമാക്കുകയും ചെയ്യുന്ന തരത്തിൽ ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് കൊച്ചിൻ ഷിപ് യാർഡ് ലിമിറ്റഡ് ലഭ്യമാക്കിയ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** ഇവിടെ റെയിൽവേ ബാരിക്കേഡ് കാരണം തടസ്സപ്പെട്ട വഴിസൗകര്യം, കുടിവെള്ള ലഭ്യത എന്നിവ അടിയന്തരമായി പുനഃസ്ഥാപിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

**മറുപടി:** ബാരിക്കേഡ് സ്ഥാപിച്ചത് ദക്ഷിണ റെയിൽവേ ആയതിനാൽ ബാരിക്കേഡ് നീക്കുന്നതിനുള്ള നടപടികൾ റെയിൽവേയുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. നിലവിൽ വഴി സാകര്യം, കുടിവെള്ള ലഭ്യത എന്നിവ പുന:സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല .

**സെക്ഷൻ ഓഫീസർ**